**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3281** **26-06-2024 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ പേര്, ഇനിഷ്യൽ, മാതാപിതാക്കളുടെ പേര്, ജനന തീയതിയല്ലാത്ത മറ്റ് തിരുത്തലുകൾ എന്നിവ ശരിയാക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണെന്ന് വിശദമാക്കാമോ; അപേക്ഷ സമർപ്പിക്കേണ്ടത് സ്കൂൾ മുഖേനയാണോ അതോ വ്യക്തിപരമായാണോ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) അപേക്ഷകൻ പരീക്ഷാഭവന്റെ വെബ് സൈറ്റിൽ നിന്നും ജനനത്തീയതി തിരുത്തുന്നതിനൊഴിച്ചുള്ള (other than date of birth Correction) അപേക്ഷാ ഫോറം എടുത്ത് അപേക്ഷാ ഫോറത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൂരിപ്പിച്ച് ബന്ധപ്പെട്ട സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ആയത് സാക്ഷ്യപ്പെടുത്തി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഓൺലൈനായും അല്ലാതെയും നൽകാവുന്നതാണ്.<br><br>i) സ്കൂൾ രേഖയിൽ നിന്ന് വിഭിന്നമായി സർട്ടിഫിക്കറ്റിൽ പേര്, ഇനിഷ്യൽ എന്നിവ വന്നാൽ കൈപ്പിശക് (Clerical error) എന്ന പരിഗണനയിൽ സ്കൂൾ രേഖകൾ (അഡ്മമിഷൻ രജിസ്റ്ററിന്റെ നിശ്ചിത പേജിന്റെ ഫോട്ടോ പകർപ്പ് ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തിയത് / ഒന്നാം ക്ലാസിൽ ചേർന്ന പ്രവേശന ഫോറത്തിന്റെ അസ്സൽ) പ്രകാരം തിരുത്തി നൽകും. ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള പേരും ഇനിഷ്യലും ആയത് അപേക്ഷയോടൊപ്പം ഹാജരാക്കുന്ന പ്രകാരം തിരുത്തി നൽകും.<br><br>ii) മാതാപിതാക്കളുടെ പേരുകൾ തിരുത്തുന്നതിന് താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.<br><br>1. അപേക്ഷകന്റെ ജനന സർട്ടിഫിക്കറ്റ് അസ്സൽ.<br><br>2. ജനന സർട്ടിഫിക്കറ്റിലുള്ള പേരിലെ ആളും എസ്.എസ്.എൽ.സി യിലെ പേരിലുള്ള ആളും ഒരാളാണെന്ന സർട്ടിഫിക്കറ്റ്.<br><br>iii) 1) **ജാതി/ ജാതി വിഭാഗം/ മതം** - കൈപ്പിശക് (Clerical error) മാത്രമേ തിരുത്തി നൽകുകയുള്ളൂ. ഇതിനായി അപേക്ഷയോടൊപ്പം അഡ്മിഷൻ രജിസ്റ്ററിന്റെ നിശ്ചിത പേജ് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയത് / ഒന്നാം ക്ലാസ്സിലെ പ്രവേശന |

| | | | |
|---|---|---|---|
| | | | ഫോറത്തിന്റെ അസ്സലും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. (ജാതിയും ജാതി വിഭാഗവും മതവും ക്ലറിക്കൽ എറർ എന്നിവ മാത്രമേ തിരുത്തി നൽകാൻ നിലവിൽ വ്യവസ്ഥയുള്ളൂ).<br><br>iv) **മേൽവിലാസം** - അഡ്മിഷൻ രജിസ്റ്റർ പ്രകാരവും അപേക്ഷകൻ എസ്.എസ്.എൽ.സി എഴുതുന്നതിനുമുമ്പായി ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയിൽ നിന്നും വാങ്ങിയിട്ടുള്ള ജനനസർട്ടിഫിക്കറ്റ് പ്രകാരമോ മാത്രമാണ് തിരുത്തി നൽകുന്നത്.<br><br>v) **ജനനസ്ഥലം** - ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ.<br><br>vi) **നാഷണാലിറ്റി** - സ്കൂൾ രേഖകളുടെ അടിസ്ഥാനത്തിൽ.<br><br>vii) **അഡ്മിഷൻ നമ്പർ** - അഡ്മിഷൻ രജിസ്റ്റർ പ്രകാരം.<br><br>viii) **തിരിച്ചറിയൽ അടയാളങ്ങൾ** - എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞ് നിശ്ചിത സമയത്തിനകം അപേക്ഷിച്ചാൽ മാത്രമേ തിരുത്തി നൽകുകയുള്ളൂ.<br><br>ജനനത്തീയതി ഒഴികെയുള്ള എല്ലാ തിരുത്തലുകൾക്കും അപേക്ഷയോടൊപ്പം 30/-രൂപ (മുപ്പത് രൂപ മാത്രം) ചെലാൻ അടച്ച് രസീത് ഉൾപ്പെടെ അപേക്ഷ ബന്ധപ്പെട്ട സ്കൂൾ പ്രഥമാദ്ധ്യാപകൻ മുഖേനയാണ് സമർപ്പിക്കേണ്ടത്. |
| (ബി) | പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ട ഓഫീസ്, ആയതിന്റെ അഡ്രസ്സ് എന്നിവ നൽകാമോ; | (ബി) | (ബി) പരീക്ഷാകമ്മിഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12 |
| (സി) | അപേക്ഷയിൽ നടപടിയെടുക്കുന്ന ഓഫീസ് ,സെക്ഷൻ ഏതെന്ന് കൃത്യമായി അറിയിക്കാമോ; | (സി) | (സി) പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12 അപേക്ഷ തപാൽ സെക്ഷനിൽ ലഭിക്കുന്ന മുറയ്ക്ക് തിരുത്തൽ വിഭാഗങ്ങളായ ബി, ബി.എ, ബി.ബി, സി, സി.എ, ജെ, ജെ.എ. എന്നീ സെക്ഷനുകളിൽ ആണ് നടപടിയെടുക്കുന്നത്. |
| (ഡി) | മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്ന സമയപരിധി അറിയിക്കാമോ? | (ഡി) | (ഡി) അപേക്ഷകൻ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയത് 2000-ത്തിന് ശേഷമാണെങ്കിൽ 2 മാസത്തെ സമയപരിധിയും 2000 ത്തിന് മുമ്പാണെങ്കിൽ 3 മാസത്തെ സമയപരിധിയുമാണ് നിശ്ചയിച്ചിരിക്കുന്നത്. കൃത്യവും വ്യക്തവുമായ അപേക്ഷകളാണ് ലഭിക്കുന്നത് എങ്കിൽ, മറ്റു സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | അപേക്ഷകളിന്മേൽ 20 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ